# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം : - ആ.വ.ഡ.-ജീവനക്കാര്യം-പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ വഴി നിയമനം നൽകി ഉത്തരവ്-പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)ജി.ഒ (എം.എസ്)നം.95/2019/ആ.കു.വ, തീയതി,02/07/2019

2)ഒ.എ.നം.432/2020,808/2021 എന്നിവയിൻമേലുള്ള ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20/12/2022 ലെ അന്തിമ ഉത്തരവ്

3) കത്ത് നം എച്ച് 2-47/2023-ഹെൽത്ത്,തീയതി, 13/03/2023

4)ഉത്തരവ് നം.ആ.വ.ഡ 6126/2023/ഇ ഡി 3,തീയതി,25/05/2023

5)കത്ത് നം എച്ച്2/47/2023-ഹെൽത്ത്,തീയതി,29/05/2023

## ഉത്തരവ് നം.ആ.വ.ഡ 6126/2023/ഇ ഡി 3.തീയതി, 30/05/2023

ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിലെ പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിന് പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കുലർ നംഇ ഡി 3-32075/2018 തീയതി, 27/04/2019 പ്രകാരം ടി വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു അപ്രകാരം ലഭിച്ച 10 അപേക്ഷകൾ പരിഗണിച്ച് പരാമർശം (2), (3) എന്നീ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പരാമർശം(4) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 1 ആയി ഉൾപ്പെട്ട ശ്രീ.സുരേഷ് കുമാർ.ആർ(പെൻ: 392116) ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 ,താലൂക്ക് ആസ്ഥാന ആശുപത്രി പീരുമേട്, ഇടുക്കിയെ (നിലിവിൽ ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിലെ സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ ലാബ് ടെക്നീഷ്യൻ സീനിയർ ഗ്രേഡ് ആയി ജോലി ചെയ്ത് വരുന്നു) ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിലെ നിലവിൽ ഒഴിവുള്ള പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിൽ 37400-79000/- ശമ്പള സ്കെയിലിൽ KS&SSR Part II Rule 9(a)(i) യുടെ അടിസ്ഥാനത്തിൽ ബൈട്രാൻസ്ഫർ മുഖേന നിയമിച്ച് ഉത്തരവാകുന്നു. .

ശ്രീ.സുരേഷ് കുമാർ.ആർ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് അടിയന്തിരമായി പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് . പ്രസ്തുത നിയമനത്തിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല .

പരാമർശം (2) പ്രകാരമുള്ള കോടതി ഉത്തരവ് അനുപാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ.നന്ദകുമാർ.കെ.വി.**
**ആരോഗ്യവകുപ്പ് ഡയറക്ടർ I/C**

സ്വീകർത്താവ്,

ശ്രീ.സുരേഷ് കുമാർ.ആർ, ലാബ് ടെക്നീഷ്യൻ സീനിയർ ഗ്രേഡ്,
സ്റ്റേറ്റ്എന്റമോളജി യൂണിറ്റ്, ആരോഗ്യ വകുപ്പ് ഡയറക്ടേറ്റ്, തിരുവനന്തപുരം

പകർപ്പ് :

1)പ്രിൻസിപ്പൽ സെക്രട്ടറി,ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്,ഗവ.സെക്രട്ടറിയേറ്റ്,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

2)അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)

3)അസിസ്റ്റന്റ് ഡയറക്ടർ (സ്റ്റേറ്റ് എന്റമോളജി യൂണിറ്റ്), ആരോഗ്യ വകുപ്പ് ഡയറക്ടേറ്റ്, തിരുവനന്തപുരം

4)ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

5)സൂപ്രണ്ട്,ഇഡി3 സെക്ഷൻ

6)സൂപ്രണ്ട്,ബിൽ സെക്ഷൻ

7)ഫയൽ/സ്റ്റോക്ക് ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**സൂപ്രണ്ട്**

ASV-30/05/2023

0445396 GOVERNMENT OF KERALA